## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1578

03.10.2011-ൽ മറുപടിക്ക്

**ശ്രീമതി .എം.സി. രത്നമ്മാളിനെ ട്രാഫിക് സി.ഐ. അപമാനിച്ചതിനെതിരെ നടപടി.**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പി.സി. വിഷ്ണുനാഥ്. | | ശ്രീ.ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) | |
| (എ) | 27.09.2007-ൽ കൊല്ലം താലൂക്ക് കച്ചേരി ജംഗ്ഷനിൽവച്ച് ട്രാഫിക് നിയമം ലംഘിച്ചു എന്ന് ആരോപിച്ച് ശ്രീമതി .എം.സി. രത്നമ്മാളിനെയും മകനെയും അന്നത്തെ ട്രാഫിക് സി.ഐ വരദരാജൻെറ നേതൃത്വത്തിൽ പോലീസ് സംഘം പൊതുജന മദ്ധ്യത്തിൽവച്ച് അസഭ്യം പറയുകയും ക്രൂരമായി മർദ്ദിച്ചതുമായി ബന്ധപ്പെട്ട് (റഫറൻസ് നമ്പർ 34263/സി.എം./2007) പരാതിയിന്മേലുള്ള അന്വേഷണം ഏത് ഘട്ടത്തിലാണ്; | (എ) | ഇതു സംബന്ധിച്ച് കൊല്ലം ക്രൈം ഡിറ്റാച്ച്മെൻറ് ഡി.വൈ.എസ്.പി. നടത്തിയ അന്വേഷണം പൂർത്തിയാക്കുകയും റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | അന്വേഷണ റിപ്പോർട്ടിൻെറ പകർപ്പ് ലഭ്യമാക്കുമോ; | (ബി) | അന്വേഷണ റിപ്പോർട്ടിൻെറ പകർപ്പ് അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു. |
| (സി) | ഈ പരാതി അന്വേഷിച്ചത് ആരാണ് എന്ന് വ്യക്തമാക്കുമോ; | (സി) | കൊല്ലം ക്രൈം ഡിറ്റാച്ച്മെൻറ് ഡി.വൈ.എസ്.പി ആയിരുന്ന ശ്രീ. റ്റി.എഫ്.സേവ്യർ. |

| | | | |
|---|---|---|---|
| (ഡി) | കുറ്റാരോപിതരായ പോലീസ് ഉദ്യോഗസ്ഥരുടെ മൊഴി പകർപ്പ് ലഭ്യമാക്കുമോ; | (ഡി) | മൊഴിയുടെ പകർപ്പ് അനുബന്ധം II ആയി ചേർത്തിരിക്കുന്നു. |
| (ഇ) | ഈ കേസിന്മേൽ എന്ത് ശിക്ഷാനടപടികൾ ആണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ? | (ഇ) | അന്വേഷണത്തിൽ ആരോപണ വിധേയരായവർക്കെതിരെ ശിക്ഷിക്കപ്പെടത്തക്ക തരത്തിലുള്ള പരാമർശങ്ങളൊന്നുമില്ല. |
| (എഫ്) | ഈ കേസിന്മേൽ പുനരന്വേഷണം എന്തെങ്കിലും നടന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിൻെറ റിപ്പോർട്ടിൻെറ പകർപ്പ് ലഭ്യമാക്കുമോ? | (എഫ്) | ഈ കേസിൽ പുനരന്വേഷണം നടത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ.